**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1122** **18-09-2025 - ൽ മറുപടിയ്ക്ക്**

**ന്യൂ കട്ട് റെഗുലേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ന്യൂ കട്ട് പുഴയിലുള്ള ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ എന്തെല്ലാമായി; ഈ പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളത്; ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; | (എ) | ന്യൂ കട്ട് റെഗുലേറ്റർ ദേശീയ ജലപാത നിലവാരത്തിൽ ലോക്ക് കം റെഗുലേറ്റർ ആയി പുതുക്കിപണിയുന്നതിന്റെ പ്രാരംഭമായി മണ്ണ് പരിവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. ഡിസൈൻ തയ്യാറാക്കുന്നതിനായി ഇൻഡന്റ് തയ്യാറാക്കി ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 28/07/2025- ലെ CEINKP/195/2025-W3 കത്ത് പ്രകാരം ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിന് (IDRB ) നൽകിയിരിക്കുകയാണ്. |
| (ബി) | ഈ പ്രവൃത്തിയിൽ വരുന്ന നിർമ്മാണങ്ങൾ എന്തെല്ലാമാണ്; ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമായ ശേഷം മാത്രമേ പ്രവൃത്തിയിലുൾപ്പെട്ട ഇനങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ . |
| (സി) | ന്യൂ കട്ട് പുഴയുടെ വീതിയും, ആഴവും കൂട്ടി, സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ ഈ പദ്ധതിയുടെ ഭാഗമായി ചേർത്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ മണ്ണ് പരിവേഷണ പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഡിസൈൻ ലഭിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴാണ് ആവശ്യമായ ഭാഗങ്ങളിൽ ആഴം കൂട്ടുന്ന പ്രവൃത്തികളും സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവർത്തികളും പരിശോധിക്കുന്നത്. |
| (ഡി) | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് ഇനം തിരിച്ച വിശദമാക്കാമോ? | (ഡി) | എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ